## ജില്ലാ അദാലത്ത് സമിതി യോഗം-

29/ 2/2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശവും ചുവടെ ചേർക്കുന്നു.

പരാതി നം-BPTVPMC0167000030

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ.ജെ. വിജയകുമാർ,മഠത്തിൽ, അമ്പൻകോട് ലെൻ,പേയാട് |
| പരാതി വിഷയം | - | കെട്ടിട നമ്പർ അനുവദിക്കുന്നില്ലെന്ന പരാതി-സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000030 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

തിരുവനന്തപുരം നഗരസഭയിലെ ശ്രീകണ്ഠേശ്വരം വാർഡിൽ ജെ.വിജയയകുമാറിൻറെ ഉടമസ്ഥതയിൽ സർവ്വേ നം-368/1 അണ്ടൂർ വില്ലേജിൽ പണികഴിപ്പിച്ചിട്ടുള്ള പാർപ്പിട സമുചയത്തിന് ഫസ്റ്റ് ഫ്ലോറിനും സെക്കൻറ് ഫ്ലോറിനും പ്രൊജക്ഷൻസ് ഉള്ളതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലായെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധനയും ഫയൽ പരിശോധനയും നടത്തുകയുണ്ടായി.

ടി കെട്ടിടത്തിൻറെ ഫസ്റ്റ് ഫ്ലോർ, സെക്കൻറ് ഫ്ലോർ എന്നിവയിൽ 1 മീറ്റർ തള്ളി ബാൽക്കണിയുടെ നിർമ്മാണം നടത്തിയിരിക്കുന്നതിനാൽ കെട്ടിടത്തിൻറെ ഒരു വശത്തുകൂടി പോകുന്ന സ്വകാര്യ റോഡിൻറെ വശത്ത് മേൽനടപടി കെട്ടിടത്തിന് KMBR 19 ചട്ടം 26(4) പ്രകാരമുള്ള സെറ്റ്ബാക്ക് ലഭ്യമാകുന്നില്ലായെന്ന് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ ടി ബാൽക്കണി പൊളിച്ചുമാറ്റി ചട്ടലംഘനം പരിഹരിക്കാവുന്നതാണെന്ന വിവരവും 2019 നവംബർ 7-ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തികരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ചട്ടങ്ങൾ) പ്രകാരം തിരുവനന്തപുരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിന് നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീ. വിജയകുമാറിൻറെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ

അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.